ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ : ശ്രീ. ബി.റ്റി.വി കൃഷ്ണൻ ബി.ടെക്. )

**ഉത്തരവ് നം. ബി1/37939/2020/സിഇ തീയതി : 30/10/2020**

വിഷയം :- ജീവനക്കാര്യം –ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെയും കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെയും ഹെഡ് ക്ലാർക്കുമാരെ പരസ്പരം മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11/06/2020, 23/07/2020 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.

2. കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 09/10/2020 തീയതിയിലെ എ 3/2128/2020/ഇഇ നമ്പർ കത്ത്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്കുമാരായിരുന്ന ശ്രീമതി. എൽ. വനജ, ശ്രീ. എസ് ഹാജാമൈതീൻ എന്നിവരെ പരാമർശം (1) ലെ ഉത്തരവുകൾ പ്രകാരം യഥാക്രമം കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലും ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലും ഹെഡ് ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്കായ ശ്രീമതി. എൽ. വനജ ജോലിയിൽ പ്രവേശിച്ച് തുടർച്ചയായി അവധിയിൽ പ്രവേശിച്ചതിനാൽ പ്രസ്തുത കാര്യാലയത്തിലെ ദൈനംദിന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി പരാമർശം (2)പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. എസ്. ഹാജാമൈതീനെ കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലും കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി എൽ. വനജയെ ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലും പരസ്പരം മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ. എസ്. ഹാജാമൈതീൻ
ശ്രീമതി. എൽ. വനജ

T5/vi

PTO

പകർപ്പ് : 1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഉത്തരമേഖല, കോഴിക്കോട്
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, കോഴിക്കോട്
3. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
4. സ്റ്റോക്ക് ഫയലിലേക്ക്/വെബ്സൈറ്റിലേക്ക്

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

T5/vi